# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 519

01.12.2015 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ നിക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും നിക്ഷേപത്തിന്റെ എത്ര ശതമാനം എസ്.എൽ.ആർ ആയി നിക്ഷേപിക്കണമെന്നാണ് റിസർവ് ബാങ്ക് നിഷ്കർഷിച്ചിരിക്കുന്നത്; | (എ) സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും, ബാങ്കുകളുടെ ഡിമാന്റ് ആൻഡ് ടൈം ലയബിലിറ്റിയുടെ 21.5 ശതമാനമാണ് എസ്.എൽ.ആർ. ആയി നിക്ഷേപിക്കേണ്ടതെന്ന് റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) 2015 മാർച്ച് മാസത്തിൽ ഓരോ ജില്ലാ ബാങ്കും സംസ്ഥാന സഹകരണ ബാങ്കും എസ്.എൽ.ആർ.ആയി നിക്ഷേപിക്കേണ്ടിയിരുന്ന തുക എത്രയായിരുന്നു; നിക്ഷേപിച്ചത് എത്ര; | (ബി) ജില്ലാ സഹകരണ ബാങ്കുകളും, സംസ്ഥാന സഹകരണ ബാങ്കും 2015 മാർച്ചിൽ നിക്ഷേപിക്കേണ്ട തുകയും നിക്ഷേപിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) 2017 മാർച്ചിൽ എത്ര ശതമാനം നിക്ഷേപിക്കേണ്ടതായി വരും; | (സി) 2017 മാർച്ചിൽ 21.5 ശതമാനം നിക്ഷേപിക്കേണ്ടതായി വരും. |
| (ഡി) ആർ.ബി.ഐ യുടെ ഈ വ്യവസ്ഥ സഹകരണ സ്ഥാപനങ്ങളെ എങ്ങനെ ബാധിക്കുന്നു; വിശദമാക്കുമോ; ഈ പ്രശ്നങ്ങൾക്ക് അനുകൂലമായ തീരുമാനം ആർ.ബി.ഐ എടുത്തിട്ടുണ്ടോ; ഇതിനായി സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ? | (ഡി) 2017 മാർച്ച് അവസാനത്തോടെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ നിക്ഷേപം മുഴുവനായി ഗവൺമെന്റ് സെക്യൂരിറ്റികളിലായിരിക്കണമെന്ന് റിസർവ് ബാങ്ക് നിബന്ധന ഉള്ളതിനാൽ സംസ്ഥാന സഹകരണ ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകൾ നിക്ഷേപിച്ച എസ്.എൽ.ആർ. നിക്ഷേപങ്ങൾ പിൻവലിച്ച് ഗവൺമെന്റ് സെക്യൂരിറ്റികളിലേയ്ക്ക് മാറ്റേണ്ടി വരുന്നതാണ്. |

ഗവണ്മെന്റ് സെക്യൂരിറ്റിയിൽ നിന്നും ലഭിക്കുന്ന പലിശ, കേരള സംസ്ഥാന സഹകരണ ബാങ്കിലുള്ള സ്ഥിരം നിക്ഷേപത്തിന്റെ പലിശയെക്കാൾ കുറവായതിനാൽ ജില്ലാ ബാങ്കുകൾക്ക് Interest Income കുറയുവാൻ കാരണമാവുകയും ഇത് സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപത്തെ കാര്യമായി ബാധിക്കുകയും ചെയ്യുന്നതാണ്.

നബാർഡ് തലത്തിൽ ചേർന്ന യോഗത്തിൽ ഇക്കാര്യം സർക്കാർ പ്രതിനിധികൾ ഉന്നയിക്കുകയും ആയതിന്റെയും സംസ്ഥാന സഹകരണ ബാങ്കിന്റെ ഭാഗത്ത് നിന്നുമുള്ള നിവേദനങ്ങളെയും തുടർന്ന് മാർച്ച് 2015, 2016, 2017 വർഷങ്ങളിൽ യഥാക്രമം 5%, 10%, ബാക്കി 6.5% ഉം ആയി 3 ഘട്ടമായി നിക്ഷേപിക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ലാ സഹകരണ ബാങ്ക് | 2015 മാർച്ചിൽ നിക്ഷേപിക്കേണ്ട തുക (കോടിയിൽ) | മാർച്ചിൽ നിക്ഷേപിച്ച തുക (കോടിയിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 866.02 | 1477.04 |
| 2 | കൊല്ലം | 526.6350 | 1174.4880 |
| 3 | ആലപ്പുഴ | 417.82 | 461.85 |
| 4 | പത്തനംതിട്ട | 329.55 | 626.58 |
| 5 | കോട്ടയം | 597.6887 | 1263.5732 |
| 6 | എറണാകുളം | 1197.56 | 1856.04 |
| 7 | പാലക്കാട് | 632.0334 | 657.1564 |
| 8 | ഇടുക്കി | 328.8388 | 407.2352 |
| 9 | തൃശ്ശൂർ | 985.86 | 1131.25 |
| 10 | മലപ്പുറം | 576.30 | 854.91 |
| 11 | കണ്ണൂർ | 812.50 | 910.26 |
| 12 | വയനാട് | 141.46 | 219.35 |
| 13 | കോഴിക്കോട് | 630.0710 | 674.6024 |
| 14 | കാസറഗോഡ് | 237.69 | 245 |
| 15 | സംസ്ഥാന സഹകരണ ബാങ്ക് | 1354.64 | 1908.60 |